പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1399 12-07-2011 -ൽ മറുപടിക്ക്.

## കേരളത്തിൽ മദ്യവർജ്ജനം നടപ്പിലാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിൽ മദ്യവർജ്ജനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | മദ്യപാനത്തിന് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും, ചികിത്സയും നൽകുന്നതിന് നിലവിൽ സർക്കാർ തലത്തിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ; | (ബി) | നിലവിലുള്ള സംവിധാനങ്ങൾ കൂടാതെ, ആരോഗ്യവകുപ്പുമായി ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. |
| (സി) | കേരളത്തിൽ എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (സി) | എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 12 റെയ്ഞ്ച് ഓഫീസുകളും, കൂടുതൽ തസ്തികകളും അനുവദിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാങ്ങിയ 110 പിസ്റ്റലുകൾ, പുതിയ വാഹനങ്ങൾ എന്നിവ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിനും, മൊബൈൽ ഫോൺ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എൻഫോഴ്സ്മെന്റ് ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ഏകോപിപ്പിക്കുകയും, ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വനം - റവന്യൂ - പോലീസ് വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ സംയുക്ത റെയ്ഡുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ